തൃത്താല എം.ആർ.എസ്.-ൽ പ്ലസ് ടു കോഴ്സ് ആരംഭിക്കാനുള്ള നടപടി

138 [301] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായ ക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃത്താല എം.ആർ.എസ്.-ൽ 2003-2004-ൽ എസ്.എസ്.എൽ.സി.-ക്ക് 100 ശതമാനം വിജയം കൈവരിച്ചതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തൃത്താല എം.ആർ.എസ്.-ൽ പ്ലസ് ടു കോഴ്സ് ആരംഭിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) പ്ലസ് ടു കോഴ്സ് ആരംഭിക്കാൻ അപേക്ഷകളോ നിവേദനങ്ങളോ ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) ലഭിച്ചതായി കാണുന്നില്ല. എന്നാൽ ഇക്കാര്യം സർക്കാർ പരിഗണനയിലാണ്.

തിരുവില്വാമല മോഡൽ റസിഡൻഷ്യൽ സ്കൂളിന്റെ നിർമ്മാണ പ്രവർത്തനം

139 [302] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായ ക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര മണ്ഡലത്തിൽ തിരുവില്വാമല പഞ്ചായത്തിൽ ഒരു മോഡൽ റസിഡൻഷ്യൽ സ്കൂൾ വാടക കെട്ടിടത്തിൽ നടത്തിയിരുന്നതായി അറിയുമോ;

(ബി) പ്രസ്തുത സ്കൂളിന് അനുയോജ്യമായ സ്ഥലം തിരുവില്വാമല ഗ്രാമപഞ്ചായത്ത് വിലയ്ക്ക് വാങ്ങിത്തരാമെന്ന തീരുമാനം പട്ടികജാതി വികസന വകുപ്പിനെ അറിയിച്ചിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ പഞ്ചായത്ത് തീരുമാനപ്രകാരമുള്ള അനുയോജ്യമായ സ്ഥലം വാങ്ങിത്തരുവാൻ പട്ടികജാതി വകുപ്പിൽ നിന്നും ആവശ്യപ്പെട്ടിട്ടുണ്ടോ;

(ഡി) ഗ്രാമപഞ്ചായത്ത് അനുയോജ്യമായ സ്ഥലം ഏറ്റെടുത്ത് കൈമാറാൻ സന്നദ്ധത പ്രകടിപ്പിച്ചിട്ടും വകുപ്പിൽ നിന്നും ഭൂമി ഏറ്റെടുക്കുവാനുള്ള നടപടികൾ നടത്താത്തതിന് കാരണമെന്താണ്;

(ഇ) ഇപ്പോൾ സ്കൂൾ നടത്തിവരുന്ന വാടക കെട്ടിടത്തിൽ മതിയായ സ്ഥലസൗകര്യമില്ലാത്തതിനാൽ ഈ വർഷം സ്കൂളിൽ പ്രവേശനം നടത്തേണ്ടതില്ലെന്ന തീരുമാനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) എങ്കിൽ തിരുവില്വാമല പഞ്ചായത്ത് ഏറ്റെടുത്ത് തരാമെന്ന് പറയുന്ന അനുയോജ്യമായ സ്ഥലത്ത് ഈ വർഷം തന്നെ സ്കൂൾ കെട്ടിടങ്ങൾ നിർമ്മിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അറിയാം.

(ബി) തിരുവില്വാമല മോഡൽ റസിഡൻഷ്യൽ സ്കൂളിനുവേണ്ടി 10 ഏക്കർ സ്ഥലം വിട്ടുതരാൻ സമ്മതിച്ചുകൊണ്ടുള്ള തിരുവില്വാമല ഗ്രാമപഞ്ചായത്ത് സമിതിയുടെ 14-2-2001-ലെ 7-ാം നമ്പർ തീരുമാനത്തിന്റെ പകർപ്പ് പട്ടികജാതി വികസന വകുപ്പ് ഡയറക്ടർക്ക് ലഭിച്ചിരുന്നു.

(സി) ഇല്ല.

(ഡി) തിരുവില്വാമല പഞ്ചായത്തിന്റെ 14-2-2001-ലെ തീരുമാനപ്രകാരം തിരുവില്വാമല പഞ്ചായത്തിൽ കണിയാർകോട് വില്ലേജിൽ 688/1, 688/2, 689, 690 എന്നീ സർവ്വേ നമ്പറുകളിൽപ്പെട്ട 10 ഏക്കർ സ്ഥലം മോഡൽ റസിഡൻഷ്യൽ സ്കൂൾ നിർമ്മിക്കുന്നതിനായി അനുവദിച്ച് സർക്കാർ ഉത്തരവിറക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ കെട്ടിട നിർമ്മാണത്തിന് പി.ഡബ്ല്യു.ഡി. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (ബിൽഡിംഗ്സ്) സ്ഥലം പരിശോധിച്ചപ്പോൾ സർക്കാർ ഉത്തരവിൽ പറഞ്ഞ സർവ്വേ നമ്പറിൽപ്പെടാത്ത 685/1-ൽപ്പെട്ട സ്ഥലം ഉൾപ്പെടെ 10 ഏക്കർ സ്ഥലമാണ് കൈമാറിക്കിട്ടിയതെന്നും ആ സ്ഥലം കെട്ടിടം കെട്ടാൻ അനുയോജ്യമല്ലെന്നും സർക്കാർ ഉത്തരവിൽ പറഞ്ഞ സർവ്വേ നമ്പറുകളിൽപ്പെട്ട സ്ഥലങ്ങൾക്ക് മാറ്റം വന്നിട്ടുണ്ട് എന്നും ടി സർവ്വേ നമ്പറുകളിൽ സർക്കാർ ഉത്തരവായതൊഴിച്ച് ബാക്കി ഭാഗമാണ് പദ്ധതി നടത്തിപ്പിന് ഉദ്ദേശിച്ചിരുന്നതെന്നും അതിന്റെ അടിസ്ഥാനത്തിലാണ് പ്രാരംഭ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചതെന്നും ആയതിനാൽ സർക്കാർ ഉത്തരവായതൊഴിച്ച് ബാക്കിഭാഗം കൈമാറിക്കിട്ടിയാൽ മാത്രമേ കെട്ടിടം നിർമ്മിക്കാൻ നിർവ്വാഹമുള്ളൂ എന്നും അറിയിക്കുകയുണ്ടായി.

സ്ഥലങ്ങൾ പതിച്ചു കിട്ടുന്നതിനുമുമ്പ് പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥർ സ്ഥലം പരിശോധിച്ച് ബോധ്യപ്പെട്ട സ്ഥലമല്ല കെട്ടിടം കെട്ടാനായി കൈമാറാൻ തയ്യാറായത്. അതിന്റെ അടിസ്ഥാനത്തിലാണ് തിരുവില്വാമല പഞ്ചായത്തിൽ നിശ്ചയിച്ച മോഡൽ റസിഡൻഷ്യൽ സ്കൂൾ വടക്കാഞ്ചേരിയിലേക്ക് മാറ്റുവാനുള്ള സാഹചര്യം ഉണ്ടായത്.

(ഇ) ഉണ്ട്.

(എഫ്) ചോദ്യത്തിന്റെ (ഡി)-വിഭാഗത്തിന്റെ മറുപടിയിൽ പറഞ്ഞിരിക്കുന്ന വസ്തുതകളുടെ സാഹചര്യത്തിൽ തൃശ്ശൂർ ജില്ലയിൽ തലപ്പിള്ളി താലൂക്കിൽ വടക്കാഞ്ചേരി വില്ലേജിലെ സർവ്വേ നമ്പർ 1502/3, 1503/2, 1503/3, 1504/1 എന്നിവയിൽപ്പെട്ട 10 ഏക്കർ സ്ഥലം പട്ടികജാതി വികസന വകുപ്പിന് കൈമാറി സർക്കാർ ഉത്തരവായിട്ടുണ്ട്. ടി സ്ഥലത്ത് സ്കൂൾ കെട്ടിടം പണിയാൻ നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly